"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - നെൽകൃഷിയിൽ ട്രേ ഞാറ്റടി ഉപയോഗിച്ചുള്ള യന്ത്രവൽകൃത നടീൽ രീതിക്ക് സബ്സിഡി നൽകാൻ അനുമതി നൽകി - മാർഗ്ഗരേഖയിൽ കൂട്ടിച്ചേർക്കൽ വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2543/2024/LSGD തീയതി,തിരുവനന്തപുരം, 27-12-2024

---

പരാമർശം:- 1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022

2. തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ 27.11.2024-ലെ ADFW/PAO/TSR/4/2024-TC(4)-ാം നമ്പർ കത്ത്

3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.12.2024-ൽ കൂടിയ യോഗത്തിന്റെ തീരുമാനം നം. 3.3

**<u>ഉത്തരവ്</u>**

നെൽകൃഷിയിൽ ട്രേകളിൽ തയ്യാറാക്കിയ ഞാറ്റടി ഉപയോഗിച്ചുള്ള യന്ത്രവൽകൃത നടീലിനുള്ള കൃഷി രീതിയിലൂടെ വിത്തിന്റെ അളവ് ഏക്കറിന് 32-40 കിലോഗ്രാം എന്നത് 15-20 കിലോഗ്രാം എന്ന അളവിൽ കുറയ്ക്കുന്നതിന് കഴിയുമെന്നും, കൂടാതെ നെൽവയലിൽ ഞാറ്റടി തയ്യാറാക്കുമ്പോൾ ഉണ്ടാകുന്ന വിത്തിന്റെ നഷ്ടം, ഞാറിനുണ്ടാകുന്ന കേടുപാടുകൾ എന്നിവയും കുറയ്ക്കുന്നതിന് കഴിയുമെന്നും, ഞാറ്റടിയിൽ കൃത്യമായ പരിചരണം നൽകാൻ സാധിക്കുമെന്നതിനാൽ രോഗകീടബാധ നിയന്ത്രണം കൂടുതൽ എളുപ്പമാകുന്നുവെന്നും, കർഷകർക്ക് ഏറെ പ്രയോജനകരമായ ഈ രീതി വ്യാപകമാക്കുന്നതിന് സബ്സിഡി നൽകുന്നത് നന്നായിരിക്കുമെന്നും തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർ പരാമർശം 2 പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

2. പരാമർശം 3 പ്രകാരം സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നെൽക്കൃഷിയുടെ കൃഷി ചെലവും കൂലിചെലവും കുറയ്ക്കും എന്നതിനാൽ ട്രേ ഞാറ്റടി ഉപയോഗിച്ചുള്ള യന്ത്രവൽകൃത നടീൽ രീതിക്ക് സബ്സിഡി നൽകാൻ അനുമതി നൽകി ഉത്തരവാകുന്നു. ഒരേക്കർ സ്ഥലത്തിന് ആവശ്യമായ 80 മുതൽ 100 വരെ ട്രേ ഞാറ്റടി (വിത്തുൾപ്പെടെ) തയ്യാറാക്കി നൽകുന്നതിന് ഏക്കറിന് 8250 രൂപയും, വിത്ത് കർഷകർ ലഭ്യമാക്കിയാൽ ഒരേക്കറിന് 7250 രൂപയുമാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്. ഈ തുകയിൽ പരിമിതപ്പെടുത്തി യഥാർത്ഥ ചെലവിന്റെ 75 ശതമാനം കർഷകന് സബ്സിഡി നൽകാവുന്നതാണ്. പരാമർശം 1 മാർഗ്ഗരേഖ പ്രകാരം നെൽക്കൃഷിക്ക് കൂലി ചെലവായി പരമാവധി നൽകാവുന്ന സബ്സിഡി തുകയിൽ പരിമിതപ്പെടുത്തി വേണം ഇതിനുള്ള ധനസഹായം നൽകേണ്ടത്. ഇത് പരാമർശം 1 മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
11. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
12. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
21. കൃഷി വകുപ്പ്
22. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Viraj K
Date: 27-12-2024 16:40:34
സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്